# Sree Sankaracharya University of Sanskrit, Kalady

**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9446061639, E-mail: reg@ssus.ac.in, Website: www.ssus.ac.in**


തീയതി: 16.02.2026

**പ്രസിദ്ധീകരണത്തിന്**

## സംസ്കൃത സർവ്വകലാശാലയിൽ സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കും : ആർ. അജയൻ

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ രൂപകല്പന ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററിന്റെ ആഭിമുഖ്യത്തിൽ സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കുമെന്ന് സിൻഡിക്കേറ്റ് അംഗവും രൂപകല്പന ടെക്നോളജി ബിസിനസ് ഇൻക്യുബേറ്റർ ഗവേണിംഗ് കൗൺസിൽ ചെയർമാനുമായ ആർ. അജയൻ പറഞ്ഞു. വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന നൂതനമായ ആശയങ്ങൾക്ക് അനുസൃതമായി കാലാനുസൃതമായ പ്രൊഡക്ടുകൾ നിർമ്മിക്കുന്ന വിധത്തിലാണ് സ്റ്റാർട്ട് അപ്പുകൾ വിഭാവനം ചെയ്യുന്നത്. സർവ്വകലാശാലയുടെ കാലടി മുഖ്യ കാമ്പസിലെ യൂട്ടിലിറ്റി സെന്ററിൽ രൂപകല്പന ടെക്നോളജി ബിസിനസ് ഇൻക്യുബേറ്റർ സംഘടിപ്പിച്ച സ്റ്റാർട്ട് അപ് ശില്പശാലയിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരള സ്റ്റാർട്ട് അപ് മിഷന്റെ സഹായത്തോടെയാണ് പദ്ധതികൾ ആവിഷ്ക്കരിക്കുന്നത്. സർവ്വകലാശാലയുടെ പ്രാദേശിക കാമ്പസുകളിലും സ്റ്റാർട്ട് അപ് പദ്ധതി നടപ്പിലാക്കും, ആർ. അജയൻ പറഞ്ഞു.

വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി ശില്പശാല ഉദ്ഘാടനം ചെയ്തു. രജിസ്ട്രാർ ഡോ. മോത്തി ജോർജ്, ഡോ. വി. കെ. ഭവാനി, ഡോ. ടി. ജി. ജ്യോതിലാൽ, ഡോ. ജോസ് ആന്റണി എന്നിവർ പ്രസംഗിച്ചു. കേരള സ്റ്റാർട്ട് അപ് മിഷൻ അസിസ്റ്റന്റ് മാനേജർ എം. കൃഷ്ണകുമാർ ക്ലാസ് നയിച്ചു.

ഫോട്ടോ അടിക്കുറിപ്പ്: ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ രൂപകല്പന ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററിന്റെ ആഭിമുഖ്യത്തിൽ കാലടി മുഖ്യ കാമ്പസിലെ യൂട്ടിലിറ്റി സെന്ററിൽ സംഘടിപ്പിച്ച സ്റ്റാർട്ട് അപ് ശില്പശാല വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി ഉദ്ഘാടനം ചെയ്യുന്നു.


**ജലീഷ് പീറ്റർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ നം. 9447123075